# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *88 10.02.2016 -ൽ മറുപടിക്ക്

**ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം :<br>,, കോടിയേരി ബാലകൃഷ്ണൻ :<br>,, ബി. സത്യൻ :<br>,, റ്റി. വി. രാജേഷ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹൃദയ- നാഡീവ്യൂഹ വിദഗ്ധ ചികിത്സയ്ക്ക് സാധാരണക്കാർക്ക് ആശ്രയമായിരുന്ന ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേന്ദ്ര സർക്കാരിൽ നിന്നു വേണ്ട സഹായം ലഭിക്കാത്ത കാരണം ചൂണ്ടിക്കാട്ടി നിരക്ക് വർദ്ധിപ്പിച്ചതു സാധാരണക്കാരെ വളരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നത് പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ; | (എ) | വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീ. ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ട് എന്നും 2016 -ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കുവാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ട് എന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ്, സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്. |
| (ബി) ആയത് കണക്കിലെടുത്ത് കേന്ദ്ര സർക്കാരിൽ നിന്ന് അധിക ധനസഹായം ലഭ്യമാക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (ബി) | ബാധകമല്ല. |
| (സി) സ്ഥാപനത്തിന് ഉണ്ടെന്ന് പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; വിശദമാക്കാമോ ? | (സി) | ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിൻമേൽ നിയന്ത്രണമില്ല. |

സെക്ഷൻ ഓഫീസർ